(സി) 14-9-1999-ലെ മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം നമ്പർ കെ.ഡബ്ല്യു.എ/എച്ച്.ഒ./ഡബ്ല്യു.എൻ/33/97 പ്രകാരം അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള വിശദമായ ഉത്തരവിറക്കുകയും ആയതിൻപ്രകാരം നടപടിക്രമങ്ങൾ പാലിച്ചുവരികയും ചെയ്യുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയർ തസ്തികകൾ

184(2653) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ എത്ര വീതം തസ്തികകളാണ് ഉള്ളത്;

(ബി) നിലവിലുള്ള സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവർക്ക് അർഹതപ്പെട്ട തസ്തികകൾ എത്ര വീതമാണ്;

(സി) എ.ഇ, എ.എക്സ്.ഇ തസ്തികകളിൽ ജോലിചെയ്യുന്ന ഡിഗ്രി, ഡിപ്ലോമ, ഐ.ടി.ഐ യോഗ്യതയുള്ളവർക്ക് അർഹതപ്പെട്ട തസ്തികകൾ എത്ര വീതമാണ്;

(ഡി) പ്രസ്തുത യോഗ്യതയുള്ളവരുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ; സ്പെഷ്യൽ റൂൾ അനുസരിച്ച് ഒരോ വിഭാഗത്തിനും അർഹമായ എണ്ണം തന്നെയാണോ യഥാർത്ഥത്തിൽ ഉള്ളതെന്നും അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ 404-ഉം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 231-ഉം തസ്തികകളാണുള്ളത്.

(ബി&സി) അസിസ്റ്റന്റ് എഞ്ചിനീയർ - 404

Direct	-	218
Diploma	-	122
Certificate	-	40
In-service	-	24

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-231

Degree - 174

Diploma - 57

(ഡി) നിലവിൽ പ്രസ്തുത യോഗ്യതയുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ

Direct - 145

Diploma - 185

Certificate - 57

In-service - 17

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

Degree - 191

Diploma - 27

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഈ ഒഴിവുകളിലേക്ക് ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I-ൽ നിന്നും താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ഡിപ്ലോമ യോഗ്യതയുള്ളവർക്ക് നൽകേണ്ട 17 തസ്തികകളിലേക്ക് ഉയർന്ന സർവ്വീസിലുള്ള ഡിഗ്രിക്കാർക്ക് 24-7-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 51/12/ജ.വി.വ. പ്രകാരം പ്രൊമോഷൻ നൽകിയതിനാലാണ് നിലവിലുള്ള ഡിഗ്രിക്കാരുടെ എണ്ണം അംഗീകൃത ഡിഗ്രിക്കാരുടെ എണ്ണത്തേക്കാൾ കൂടിയത്.

വാട്ടർ അതോറിറ്റിയിൽ ചീഫ് എഞ്ചിനീയർ തസ്തികകൾ

185(2654) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അഞ്ച് ചീഫ് എഞ്ചിനീയർ തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;